# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4640 — 25.06.2019-ൽ മറുപടിയ്ക്ക്

## മത്സ്യ മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ. രാജൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;<br><br>ബി) സ്ത്രീ മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് മത്സ്യ മാർക്കറ്റുകളിൽ ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിത നിലവാരമുയർത്തുന്നതിനായി ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സംസ്ഥാനമൊട്ടാകെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി മത്സ്യ വിപണന മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് സൗഹൃദമായ രീതിയിൽ സ്ലാബ്, സിങ്ക്, ഡ്രെയിൻ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകളും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, ലേല ഹാൾ, മലിനജല സംസ്കരണ യൂണിറ്റ്, ചിൽ റൂം സംവിധാനം, ഫ്ളേക്ക് ഐസ് യൂണിറ്റ്, സ്ത്രീകൾക്കായി പ്രത്യേക ടോയ്‌ലറ്റ് സംവിധാനം. സ്ഥല സൗകര്യമുള്ള മാർക്കറ്റുകളിൽ വിശ്രമ മുറി എന്നീ സൗകര്യങ്ങളോടു കൂടിയ മത്സ്യ മാർക്കറ്റുകൾ സ്ഥാപിച്ചുവരുന്നു. |
| സി) വൃത്തിയുള്ള സാഹചര്യത്തിൽ മത്സ്യം സൂക്ഷിക്കുന്നതിനും വിഷരഹിതമായ മത്സ്യവില്പന ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | സി) വിപണിയിൽ എത്തുന്ന മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാവകുപ്പും സംയുക്തമായി രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം സജീവമാണ്. കൂടാതെ മത്സ്യങ്ങളിലെ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുവാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് വിപണിയിൽ സുലഭമാണ്. രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ മത്സ്യങ്ങൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |

ഫിഷറീസ് വകുപ്പ് മുഖാന്തിരം ആധുനികവത്കരിച്ച മത്സ്യമാർക്കറ്റുകളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് നിർബന്ധമായും സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ച വയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പ വരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയിലറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| ഡി) മാർക്കറ്റ് മാനേജ്മെന്റിന് പ്രത്യേകം കമ്മിറ്റികൾ ഉണ്ടാക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ? | ഡി) മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലന നിയമം പ്രാബല്യത്തിൽ വരുമ്പോൾ മാർക്കറ്റുകളിൽ മാർക്കറ്റ് മാനേജ്മെന്റിന് സംവിധാനവും നടപ്പിൽ വരുന്നതാണ്. ഫിഷറീസ് വകുപ്പ് മുഖാന്തിരം ആധുനികവത്കരിച്ച മാർക്കറ്റിന്റെ തുടർ നടത്തിപ്പിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുമെന്ന കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് പൂർത്തീകരിച്ച് കൈമാറുന്നത്. |

**സെക്ഷൻ ആഫീസർ**